**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1303 12.03.2015-ൽ മറുപടിക്ക്**

**റോഡ് യൂസർ പെർസപ്ഷൻ സർവ്വെ**

| **ചോദ്യം**<br>**ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | **ഉത്തരം**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| --- | --- |
| (എ) സംസ്ഥാനത്ത് റോഡ് യൂസർ പെർസപ്ഷൻ സർവ്വെ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) & (ബി) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തിയിട്ടുണ്ട്. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിനു വേണ്ടിയാണ് റോഡ് യൂസർ പെർസപ്ഷൻ സർവ്വെ നടത്തിയത്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും, നിലവിലുള്ള റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും |
| (ബി) പ്രസ്തുത സർവ്വെയുടെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | |

| | | |
|---|---|---|
| | | റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗരീതികളും ഉൾപ്പെടുത്തിയാണ് പ്രസ്തുത ചോദ്യാവലി തയ്യാറാക്കിയത്. റോഡു പണി പൂർത്തീകരിച്ച ശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ സർവ്വേയുടെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേയ്ക്കും ആവശ്യമായ റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത സർവ്വേ നടത്തിയത്. കൺസൾട്ടന്റ് 2014 ജൂലൈ മാസത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സർവ്വെയിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) കാൽ നടക്കാരും, ഇരുചക്രവാഹനക്കാരുമാണ് എളുപ്പത്തിൽ പരിക്കേൽക്കാവുന്ന റോഡ് ഉപയോക്താക്കൾ(Vulnerable road users). ആയതിനാൽ ഈ വിഭാഗക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തിയായിരിക്കണം റോഡുകളുടെ വികസനം എന്നാണ് ഈ സർവ്വേയിൽ നിന്നും ഉരുത്തിരിഞ്ഞത്. |

സെക്ഷൻ ഓഫീസർ